പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :429 27.02.2018 ലെ മറുപടിക്ക്

## കയർ മേഖലയിൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.ഹൈബി ഈഡൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് എത്രമാത്രം വിജയം കൈവരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ട് സമ്പൂർണ ആധുനികവത്കരണം രണ്ടാം പുനഃസംഘടനയിലൂടെ കയർ മേഖലയിൽ ലക്ഷ്യമിടുന്നു.<br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017 ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണനത്തിന് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് -ന്റെ പ്രോഗ്രാം കോ ഓർഡിനേറ്റർമാരും ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.<br>പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കാൻ പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| ബി) ചകിരി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന്, തൊണ്ടിന്റെ തദ്ദേശീയമായ സംഭരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്ക്കരണം കാര്യക്ഷമമായി നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവത്ക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളീകേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം നടത്തും. തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1000 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.<br>ചകിരിക്കാവശ്യമായ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) കുടുംബശ്രീ വഴി തൊണ്ട് സംഭരിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സി) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ഡി) നാളീകേരകൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ഡി) നാളീകേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ് യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി |

| | |
|---|---|
| | 13.07.2017 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഇ) പ്രവർത്തന രഹിതമായി കിടക്കുന്ന ചകിരിമില്ലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; എത്ര ചകിരി മില്ലുകൾ ഇപ്രകാരം പ്രവർത്തനസജ്ജമായെന്ന് വ്യക്തമാക്കുമോ? | ഇ) പ്രവർത്തന രഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് പദ്ധതികളൊന്നും പുതുതായി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ശേഷികൂടിയതും കാര്യക്ഷമത ഉള്ളതുമായ 1000 പുതിയ ഡി.എഫ് മില്ലുകൾ സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിന്റെ ഭാഗമായി 2017-18 വർഷം 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ